**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2599** **13-12-2022 - ൽ മറുപടിയ്ക്ക്**

**പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെയുള്ള റോഡ് നിർമ്മാണം - കൂടുതൽ തുക അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിന് ഇരുപത്തിമൂന്ന് ലക്ഷം രൂപ അനുവദിച്ച മഞ്ചേരി ഒലിപ്പുഴ റോഡ് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചെങ്കിലും പാണ്ടിക്കാട് മുതൽ ഒലിപ്പുഴവരെ റോഡ് പൂർണമായും നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഈ തുക അപര്യാപ്തമായതിനാൽ പൂർണമായും ഗതാഗത യോഗ്യമാക്കുന്നതിന് വേണ്ടിയിട്ടുള്ള ഫണ്ട് കിഫ്ബിയിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | മഞ്ചേരി (കി.മീ 0/000) മുതൽ കിഴക്കേ പാണ്ടിക്കാട് (കി.മീ 16/200) വരെയുള്ള റോഡ് നവീകരിക്കുന്നതിനായി 14.03.2018-ലെ APR-1/255/2018/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതാണ്. കിഫ്ബി ധനാനുമതി നൽകിയിട്ടും ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള വിവധ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് 02.02.2022-ലെ PWD015-119/APR-2/2022/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 50 കോടി രൂപ അനുവദിച്ചിരുന്നു. ടി തുകയിൽ നിന്നും പ്രസ്തുത റോഡിന്റെ പാണ്ടിക്കാട് (കി.മീ 13/300) മുതൽ കിഴക്കേ പാണ്ടിക്കാട് (കി.മീ 16/200) വരെയുള്ള ഭാഗം ഗതാഗത യോഗ്യമാക്കുന്നതിന് 23 ലക്ഷം രൂപ വകയിരുത്തിയതായും, കക്കുളം വേങ്ങശ്ശേരി ക്ഷേത്രം മുതൽ കിഴക്കേ പാണ്ടിക്കാട് ജംഗ്ഷൻ വരെ റോഡ് ഗതാഗത യോഗ്യമാക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നും കൂടാതെ പി.എം.യു–കെ.ആർ.എഫ്.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആവശ്യപ്രകാരം 24.30 ലക്ഷം രൂപ കൂടി വകയിരുത്തുകയും സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. എന്നാൽ കിഴക്കേ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെയുള്ള ഭാഗം കെ.ആർ.എഫ്.ബി – പി.എം.യു വിന്റെ അധീനതയിലുള്ളതല്ല എന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ